**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2151** **14-10-2024 - ൽ മറുപടിയ്ക്ക്**

**ഡ്യൂഷൻ മസ്കുലാർ ഡിസ്ട്രോഫി ബാധിതർക്ക് സ്പെഷ്യൽ പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. അഹമ്മദ് ദേവർകോവിൽ** | | **ശ്രീമതി വീണാ ജോർജ്ജ്**<br>**(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ഡി.എം.ഡി (ഡ്യൂഷൻ മസ്കുലാർ ഡിസ്ട്രോഫി) ബാധിച്ച രോഗികളുടെ എണ്ണം ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 2024 വർഷത്തിൽ **ഡി.എം.ഡി (ഡ്യൂഷൻ മസ്കുലാർ ഡിസ്ട്രോഫി) ബാധിച്ച്** തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 7 പേരും, തൃശ്ശൂർ മെഡിക്കൽ കോളേജിൽ 5 പേരും, കണ്ണൂർ മെഡിക്കൽ കോളേജിൽ 10 പേരും, കോഴിക്കോട് മെഡിക്കൽ കോളേജിൽ 25 പേരുമായി ആകെ 47 പേർ **ചികിത്സ തേടി എത്തിയിട്ടുണ്ട്.** |
| (ബി) | ഇത്തരം രോഗികൾക്ക് സ്പെഷ്യൽ പെൻഷൻ ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; അറിയിക്കാമോ; | (ബി) | ഡി.എം.ഡി ബാധിച്ച കുട്ടികൾക്ക് മെഡിക്കൽ ബോർഡ് സർട്ടിഫിക്കറ്റ് (UDID കാർഡ്) ഹാജരാക്കുന്ന മുറയ്ക്ക് സർക്കാർ പെൻഷൻ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം മുഖേന നൽകി വരുന്നു. |
| (സി) | സംസ്ഥാനത്തെ ഏതെങ്കിലും മെഡിക്കൽ കോളേജിൽ ഡി.എം.ഡി മൾട്ടി ഡിസിപ്ലിനറി കെയർ സൗകര്യം ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ? | (സി) | ഡി.എം.ഡി രോഗികൾക്കായി ഒരു മൾട്ടി ഡിസിപ്ലിനറി കെയർ നൽകുന്നതിന് ഏകീകരിച്ച സൗകര്യം ലഭ്യമല്ല. എന്നിരുന്നാലും, കുട്ടികൾക്ക് ശിശുരോഗ വിഭാഗം, റെസ്പിറേറ്ററി മെഡിസിൻ വിഭാഗം, കാർഡിയോളജി വിഭാഗം, പി.എം.ആർ വിഭാഗം എന്നിവ വഴി ആവശ്യമായ എല്ലാ ചികിത്സകളും പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ എസ്.എ.റ്റി ആശുപത്രിയ്ക്ക് കീഴിലുള്ള Centre for Child Development (CDC) വഴി ഡെവലപ്മെന്റൽ തെറാപ്പിയും നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ